# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 465

## 28.02.2017 ലെ മറുപടിക്ക്

## പ്രത്യേക വികസന നിധി, ആസ്തി വികസന നിധി എന്നിവയുടെ വിനിയോഗം

| ചോദ്യം<br>ശ്രീ. എൻ .എ.നെല്ലിക്കുന്ന് | | ഉത്തരം<br>ഡോ.ടി.എം.തോമസ് ഐസക്ക്<br>(ബഹു. ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|---|
| (എ) | എം.എൽ.എ. യുടെ പ്രത്യേക വികസന നിധി (എസ്.ഡി.എഫ്.) യിൽ ഒരു വർഷത്തേയ്ക്ക് അനുവദിക്കുന്ന തുക അതേ വർഷം തന്നെ വിനിയോഗിക്കണമെന്നുണ്ടോ ; | അതാത് സാമ്പത്തിക വർഷത്തേയ്ക്കായി അനുവദിക്കുന്ന തുക വിനിയോഗിക്കുന്നതിനായി പ്രസ്തുത സാമ്പത്തിക വർഷം തന്നെ ശുപാർശകൾ കളക്ടറേറ്റുകളിൽ സമർപ്പിക്കേണ്ടതാണ്. ഇതു സംബന്ധിച്ചുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സ.ഉ.(പി) നം. 247/2004/ധന തീയതി 27.05.2004 ൽ പരാമർശിച്ചിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| (ബി) | എങ്കിൽ ഇതു സംബന്ധിച്ചുള്ള ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ ; | |
| (സി) | ഇല്ലെങ്കിൽ അടുത്ത വർഷം ആ ഫണ്ട് ഉപയോഗിക്കാമോ ; | |
| (ഡി) | ഒരു എം.എൽ.എ യുടെ കാലാവധിയായ 5 വർഷം തനിക്ക് അനുവദിക്കപ്പെട്ട സ്പെഷ്യൽ വികസന നിധി (എസ്.ഡി.എഫ്.) വിനിയോഗിക്കാൻ കഴിഞ്ഞില്ലെങ്കിൽ അടുത്ത 5 വർഷത്തേയ്ക്ക് എം.എൽ.എ ആയി തിരഞ്ഞെടുക്കുന്ന വ്യക്തിക്ക് ആ ഫണ്ട് വിനിയോഗിക്കാൻ സാധിക്കുമോ; ഇത് സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ ; | അതെ. 27.12.2011 -ലെ 87/2011/ധന നമ്പർ സർക്കുലറിൽ ഇക്കാര്യം വ്യക്തമാക്കിയിട്ടുണ്ട്. പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. |

| | | |
|---|---|---|
| (ഇ) | എം.എൽ.എ യുടെ ആസ്തി വികസന ഫണ്ടിൽ ഒരു വർഷത്തേയ്ക്ക് അനുവദിക്കുന്ന തുക അതേ വർഷം തന്നെ വിനിയോഗിക്കണം എന്നുണ്ടോ; | അതെ. അതാത് സാമ്പത്തിക വർഷത്തേയ്ക്കായി അനുവദിക്കുന്ന തുക വിനിയോഗിക്കുന്നതിനായി പ്രസ്തുത സാമ്പത്തിക വർഷം തന്നെ ശുപാർശകൾ ധനകാര്യ വകുപ്പിൽ സമർപ്പിക്കേണ്ടതാണ്. ഇതു സംബന്ധിച്ചുള്ള വിശദവിവരങ്ങൾ 11.06.2012-ലെ സ.ഉ.(പി) നം. 332/2012/ധന, 07.09.2016-ലെ സർക്കുലർ നം. 74/2016/ധന എന്നിവയിൽ പ്രതിപാദിച്ചിട്ടുണ്ട്. ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു. |
| (എഫ്) | എങ്കിൽ ഇതു സംബന്ധിച്ചുള്ള ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ ; | |
| (ജി) | ഇല്ലെങ്കിൽ അടുത്ത വർഷം ആ ഫണ്ട് ഉപയോഗിക്കാമോ ; ഒരു എം.എൽ.എ യുടെ കാലാവധിയായ 5 വർഷം തനിക്ക് അനുവദിക്കപ്പെട്ട ആസ്തി വികസന നിധി വിനിയോഗിക്കാൻ കഴിഞ്ഞില്ലെങ്കിൽ അടുത്ത 5 വർഷത്തേയ്ക്ക് എം.എൽ.എ ആയി തിരഞ്ഞെടുക്കുന്ന വ്യക്തിക്ക് ആ ഫണ്ട് വിനിയോഗിക്കാൻ സാധിക്കുമോ ; ഇതു സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ ; | 13-ാം കേരള നിയമസഭയിലെ അംഗങ്ങൾക്ക് 2012-13 സാമ്പത്തിക വർഷം മുതൽ ആരംഭിച്ച ആസ്തി വികസന പദ്ധതിയുടെ ഫണ്ട് വിനിയോഗം സംബന്ധിച്ച് 12.04.2016-ലെ സർക്കുലർ നം. 33/2016/ധന പ്രകാരം 2016-17 സാമ്പത്തിക വർഷം വകയിരുത്തിയിട്ടുള്ള ബഡ്ജറ്റ് വിഹിതത്തിൽ നിന്നും 01.04.2016-ന് ശേഷം 2012-13 മുതൽ 2015-16 വരെയുള്ള സാമ്പത്തിക വർഷങ്ങളിലെ അവശേഷിക്കുന്ന ഫണ്ട് ഉപയോഗിച്ച്/ കൂടി ഉൾപ്പെടുത്തി നിർദ്ദേശിക്കുന്ന പ്രവൃത്തികൾ അനുവദിക്കുന്നതല്ല എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. |

Shalini

**സെക്ഷൻ ഓഫീസർ**

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്